ഇലക്ട്രിസിറ്റി ആക്ട് 2003-നെക്കുറിച്ചുള്ള പഠനവും നടപടികളും

*17 [75] ശ്രീ. പി. സി. ജോർജ്:
,, ടി. കെ. ബാലൻ:
,, എം. വി. ജയരാജൻ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ആക്ട് 2003 നിലവിൽ വന്ന സാഹചര്യത്തിൽ വൈദ്യുതി ബോർഡുകളുടെ പുനഃസംഘടന എപ്രകാരമെന്ന് നിശ്ചയിക്കുവാൻ ഗവൺമെന്റിന് അധികാരമുണ്ടോ; വിശദമാക്കാമോ;

(ബി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 131-ാം വകുപ്പുപ്രകാരം വൈദ്യുതി ബോർഡിനെ ഒരൊറ്റ പൊതുമേഖലാ സ്ഥാപനമായി തുടരാനോ ഒരൊറ്റ സ്വകാര്യ സ്ഥാപനമായി മാറ്റാനോ വിവിധ കമ്പനികളായി വിഭജിച്ച് സ്വകാര്യ വൽക്കരിക്കാനോ പൊതുമേഖലയിൽ നിലനിർത്താനോ ചെയ്യാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റുകൾക്ക് ഉണ്ടെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വ്യവസ്ഥപ്രകാരം വൈദ്യുതി ബോർഡിന്റെ ഭാവിഘടന സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി ബോർഡിനെ വിഭജിച്ച് കമ്പനികളാക്കാനുള്ള നിർദ്ദേശങ്ങൾ പഠിച്ച് സമർപ്പിക്കാനായി ഏതെങ്കിലും സ്ഥാപനത്തെ ഗവൺമെന്റ് തെരഞ്ഞെടുത്തിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തു തുക ചെലവ് വരുമെന്ന് കരുതുന്നു?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ ആന്റ് ബി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വ്യവസ്ഥകൾക്ക് വിധേയമായി, വൈദ്യുതി ബോർഡുകളുടെ പുനഃസംഘടന നിശ്ചയിക്കുവാൻ സർക്കാരിന് അധികാരം ഉണ്ട്. പ്രസ്തുത ആക്ടിലെ വകുപ്പ് 131 പ്രകാരം സംസ്ഥാന സർക്കാർ ഒരു ട്രാൻസ്ഫർ സ്കീം തയ്യാറാക്കേണ്ടതും, വൈദ്യുതി ബോർഡിന്റെ ആസ്തി ബാദ്ധ്യതകൾ കണക്കാക്കി, അവ സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതും പ്രസ്തുത ആസ്തി ബാദ്ധ്യതകൾ ഒരു സർക്കാർ കമ്പനിയിലേക്കോ, കമ്പനികളിലേക്കോ തിരികെ നിക്ഷിപ്തമാക്കേണ്ടതുമാണ്.

(സി) തീരുമാനം എടുത്തിട്ടില്ല.

(ഡി ആന്റ് ഇ) തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly